04
2025
ജനുവരി
ശനി
ധനു 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.43 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-43 പേജ് 4. വില 2.00 രൂപ

02 സിറിയയിലെ മിസൈൽ നിർമാണ കേന്ദ്രം തകർത്ത് ഇസ്രയേൽ
03 മെഗാസ്റ്റാർ മമ്മൂട്ടി ചിത്രം ജനുവരി 9 ന് തീയേറ്ററുകളിൽ
04 സ്കൂൾ കലോത്സവം കൂട്ടായ്മയുടെ വിജയമാകും : മന്ത്രി വി ശിവൻകുട്ടി

# പെരിയ കേസ്:10 പ്രതികൾക്ക് ഇരട്ട ജീവപര്യന്തം

## ● കുഞ്ഞിരാമൻ അടക്കം 4 സിപിഎം
## ● നേതാക്കൾക്ക് 5 വർഷം കഠിനതടവ്



കൊച്ചി: കാസർകോട് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത് ലാലും കൃപേഷും കൊല്ലപ്പെട്ട കേസിൽ കൊലപാതകം ചുമത്തപ്പെട്ട പത്ത് പ്രതികൾക്ക് ഇരട്ടജീവപര്യന്തം. ഒന്നു മുതൽ എട്ട് വരെയുള്ള പ്രതികൾക്കും 10, 15 പ്രതികൾക്കുമാണ് കോടതി ഇരട്ടജീവപര്യന്തം വിധിച്ചിരിക്കുന്നത്. ഇതു കൂടാതെ കേസിൽ പ്രതികളായ മുൻ എംഎൽഎ കെ.വി കുഞ്ഞിരാമൻ അടക്കം നാല് സി.പി.എം നേതാക്കൾക്ക് അഞ്ച് വർഷം കഠിന തടവും പതിനായിരം രൂപ പിഴയും കോടതി വിധിച്ചിട്ടുണ്ട്.

ഒന്നാം പ്രതി എ പീതാംബരൻ ഉൾപ്പടെ 10 പ്രതികൾക്കെതിരെയാണ് ഇരട്ടജീവപര്യന്തം ശിക്ഷ വിധിച്ചിരിക്കുന്നത്. ഒന്നു മുതൽ എട്ടുവരെ പ്രതികളായ എ.പീതാംബരൻ, സജി സി.ജോർജ്, കെ.എം.സുരേഷ്, കെ.അനിൽകുമാർ (അബു), ഗിജിൻ, ആർ. ശ്രീരാഗ് (കുട്ടു), എ. അശ്വിൻ (അപ്പു), സുബീഷ് (മണി), പത്താം പ്രതി ടി. രഞ്ജിത്ത്(അപ്പു), 15ാം പ്രതി എ.സുരേന്ദ്രൻ എന്നിവർക്കെതിരെയാണ് ജീവപര്യന്തം വിധിച്ചത്. ഇവർക്ക് രണ്ട് കുറ്റകൃത്യങ്ങളിലായി രണ്ട് ലക്ഷം രൂപ പിഴയും വിധിച്ചു.

മുൻ എംഎൽഎ കെ വി കുഞ്ഞിരാമൻ ഉൾപ്പടെ നാലു പ്രതികളെ അഞ്ചുവർഷം കഠിനതടവിന് കോടതി ശിക്ഷിച്ചു. 4-ാം പ്രതി കെ. മണികണ്഻ൻ, 20ാം പ്രതി മുൻ എംഎൽഎ കെ.വി.കുഞ്ഞിരാമൻ, 21ാം പ്രതി രാഘവൻ വെളുത്തോളി, 22ാം പ്രതി കെ.വി. ഭാസ്കരൻ എന്നിവരെയാണ് അഞ്ച് വർഷം കഠിനതടവിന് ശിക്ഷിച്ചിരിക്കുന്നത്. ആറുവർഷം നീണ്ട നിയമപോരാട്ടത്തിനും 20 മാസത്തോളം നീണ്ട വിചാരണയ്ക്കും ശേഷമാണ് കേരളം ഏറെ ഉറ്റുനോക്കിയ ഇരട്ടക്കൊലക്കേസ് വിധിവരുന്നത്.

കേസിൽ 14 പ്രതികൾ കുറ്റക്കാരെന്ന് എറണാകുളത്തെ സി.ബി.ഐ. പ്രത്യേക കോടതി നേരത്തെ കണ്ടെത്തിയിരുന്നു. ഉദുമ മുൻ എം.എൽ.എ. കെ.വി. കുഞ്ഞിരാമൻ ഉൾപ്പെടെ പ്രതിപ്പട്ടികയിലുണ്ട്. കുഞ്ഞിരാമൻ 20-ാം പ്രതിയാണ്. കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്ത ഒന്നു മുതൽ എട്ടുവരെ പ്രതികൾക്കെതിരെ കൊലക്കുറ്റം തെളിഞ്ഞതായും കോടതി കണ്ടെത്തിരുന്നു. അതേസമയം, കേസിലെ 9,11,12,13,16,17,18,19,23,24 പ്രതികളെ കുറ്റക്കാരല്ലെന്ന് കണ്ട് കോടതി വെറുതെവിട്ടു.

ഒന്നാം പ്രതി എ പീതാംബരൻ ഉൾപ്പടെ 10 പ്രതികൾക്കെതിരെയാണ് കൊലപാതകം, ഗൂഢാലോചന, നിയമവിരുദ്ധമായി സംഘം ചേരൽ, കലാപം സൃഷ്ടിക്കൽ, തടഞ്ഞുവയ്ക്കൽ എന്നീ കുറ്റങ്ങൾ കണ്ടെത്തിയത്. പത്താം പ്രതി ടി. രഞ്ജിത്ത് പതിനഞ്ചാം പ്രതി എ. സുരേന്ദ്രൻ എന്നിവർ ഈ കുറ്റങ്ങൾക്കു പുറമെ തെളിവു നശിപ്പിച്ചതായും പ്രതികളെ സംരക്ഷിച്ചതായും കോടതി കണ്ടെത്തിയിരുന്നു. മുൻ എംഎൽഎ കെ വി കുഞ്ഞിരാമൻ ഉൾപ്പടെ നാലു പ്രതികൾക്കെതിരേ പൊലീസ് കസ്റ്റഡിയിൽനിന്നു പ്രതിയെ കടത്തിക്കൊണ്ടുപോയെന്ന കുറ്റമാണ് ചുമത്തിയത്. സി.പി.എം. നേതാക്കളുൾപ്പെടെ കേസിൽ 24 പ്രതികളാണുണ്ടായിരുന്നത്. ആദ്യം ലോക്കൽ പോലീസും പിന്നീട് ക്രൈംബ്രാഞ്ചും ഒടുവിൽ സി.ബി.ഐയുമാണ് കേസ് അന്വേഷിച്ചത്. ഹൊസ്ദുർഗ് കോടതിയിൽ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചുവെങ്കിലും തുടർനടപടി തുടങ്ങുംമുൻപേ ഹൈക്കോടതി കേസ് സി.ബി.ഐ.ക്ക് വിടുകയായിരുന്നു. കുറ്റപത്രം സമർപ്പിച്ച വേളയിൽ കീഴ്ക്കോടതിയുടെ വിമർശനങ്ങളും ക്രൈംബ്രാഞ്ച് അന്വേഷണസംഘം ഏറ്റുവാങ്ങിയിരുന്നു. രണ്ടുവർഷത്തോളം നടന്ന വിചാരണയാണ് സി.ബി.ഐ. കോടതിയിൽ നടന്നത്.

കല്ല്യോട്ടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായിരുന്ന കൃപേഷിനെയും ശരത്‌ലാലിനെയും 2019 ഫെബ്രുവരി 17-നാണ് അതിക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. ഏച്ചിലടുക്കം റോഡിൽ കാറിലെത്തിയ സംഘം ഇരുവരെയും തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു. ബൈക്ക് തടഞ്ഞുനിർത്തിയ അക്രമിസംഘം കൃപേഷിനെയും ശരത് ലാലിനെയും അതിക്രൂരമായി വെട്ടിപ്പരിക്കേൽപ്പിച്ചു.

### ജയചന്ദ്രൻ നായർക്ക് അന്ത്യാഞ്ജലി

# തിടംവെച്ച ഓർമ്മകൾ



**യേശുദാസ് വില്യംസ്**

ജയചന്ദ്രൻ സാർ ഇനിയില്ല. കോളേജു കാലം കഴിഞ്ഞു പേട്ടയിൽ ട്രെയിനിറങ്ങി ജേണലിസം എന്തന്നറിയാൻ തിരുവനന്തരുരത്തു പി.ആർ.എസ്.ഐ നടത്തുന്ന ജേണലിസം ഡിപ്ലോമ ഈവിനിംഗ് കോഴ്സിനു പോകുന്നകാലം.തിരുവനന്തപുരം സെൻട്രലിലേക്കു സീസൺ ടിക്കറ്റെടുത്ത ഞങ്ങളെന്തിനാ പേട്ടയിൽ ട്രെയിനിറങ്ങിയത്.ഒപ്പം കൂടിയ സുഹൃത്ത് എൻ വി അജിത്താണു പേട്ടയിലിറങ്ങണം എന്നു പറഞ്ഞു തന്നത്.ഇവിടെയാണ് കേരള കൗമുദിയും,കലാകൗമുദിയുമൊക്കെയുള്ളത്. ഈ കോമ്പൗണ്ടിൽ കേറിയാൽ രക്ഷപ്പെട്ടു.അങ്ങിനെയാണ് വൈകുന്നേരം യൂണിവേഴ്സിറ്റി കേളേജിൽ ഉള്ള ക്ലാസിനുപോകാൻ നേരത്തെയുള്ള മദ്രാസ് മെയിലിൽ കയറി പേട്ടയിലിറങ്ങിയത്.ചെന്നു കേറിയത് പറ്റിയൊരു ദിവസം.കേരളകൗമുദിയും കടന്നു പിന്നിലുള്ള പകുതി ഓടിട്ടതും വാർത്തതുമായ കലാകൗമുദിയുടെ ഓഫീസിലേക്കു കേറുമ്പോൾ അന്തരീക്ഷത്തിനു വല്ലാത്തൊരു മുറുക്കം പിറവിക്കു സംസ്ഥാന അവാർഡ് ഇല്ലന്ന വാർത്തയിൽ കലുഷിതമായ അന്തരീക്ഷം.എഡിറ്റർ ജയചന്ദ്രൻ നായരുടെ മുറിയിൽ ക്ഷോഭം കൊണ്ടു വിറക്കുന്ന സംവിധായകൻ പി.ശ്രീകുമാർ. പിന്നെ കള്ളിക്കാടു രാമചന്ദ്രൻ,ഇ.വി ശ്രീധരൻ,അവാർഡ് വിവാദവും ആനുകാലിക വിഷയങ്ങളുമൊക്കെ അറിയാവുന്നതുകൊണ്ടും ആ കൂട്ടത്തിലങ്ങിനെ ചുറ്റിത്തിരിഞ്ഞു നിന്നു.അവിടെ അന്നത്തെ കലാകൗമുദിയിലെ സ്റ്റാർ റിപ്പോർട്ടർ റോയി മാത്യു,പ്രസാദ്‌ലക്ഷ്മൺ, കേരളകൗമുദിയിലെ പി.ഫസിലൂദ്ദീൻ ഭട്ടതിരി തുടങ്ങി പലരും ഉണ്ട്.അന്നത്തെ അവാർഡ് ഒരേ തൂവൽ പക്ഷികൾക്കാണ്. അവർഡ് അട്ടിമറിക്കപ്പെട്ടു എന്നാണ് ചർച്ച.

പിറ്റേന്നു വീണ്ടും കലാകൗമുദിയിൽ കയറി.പ്രസാദ് ലക്ഷ്മണിന്റെ പത്രാധിപത്യത്തിലിറങ്ങുന്ന ട്രയലിൽ കറുത്ത ബോർഡറിൽ റോയിമാത്യു എഴുതിയ വാർത്ത.ആ രാത്രിയിൽ എന്തു സംഭവിച്ചു എന്ന ഹെഡ്‌ലൈനിൽ അവാർഡ് അട്ടിമറിക്കപ്പെട്ട കഥ. അന്ന് സാംസ്കാരിക മന്ത്രിയുടെ പി.എസ് ആയിരുന്ന മത്തായി ചേക്കോയെ ഉന്നം വെച്ചുള്ള സ്റ്റോറിയായിരുന്നു അത്.ജയചന്ദ്രൻ സാറിന്റെ ഏറ്റവും പിറകിലുള്ള മുറിയിൽ കയറി .മുറിയുടെ പുറത്തു സുരേന്ദ്രൻ ഇരിക്കുന്നു.അകത്താരുമില്ലന്നു പറഞ്ഞപ്പോൾ ഞങ്ങൾ കയറി. ഞങ്ങളെ കണ്ടപ്പോൾ കഴിഞ്ഞ ദിവസം കണ്ട പരിചയം ആവും 'ഇരിക്കണം മിസ്റ്റർ' .ഞങ്ങളിരുന്നു.വിവരങ്ങളൊക്കെ തിരക്കി. എന്നിട്ടു പറഞ്ഞു.മറ്റേതെങ്കിലും പണിക്കു പോകു.പത്ര പ്രവർത്തനത്തിലൊന്നും കാര്യമില്ല. പിന്നെ വീട്ടിൽ കാശുണ്ടെങ്കിൽ കുഴപ്പമില്ല.അതാണു തുടക്കം.കേരളത്തിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ചരിത്രം തയ്യാറാക്കുവാൻ പറഞ്ഞു.കുറച്ചു വലിയ കമ്മ്യൂണിസ്റ്റു നേതാക്കളെ കണ്ടു.കുറച്ചൊക്കെ എഴുതി.കോളേജുകാലത്തെ എസ്സ്എഫ് ഐ പ്രവർത്തനത്തിന്റെ മൂച്ചിൽ തെരഞ്ഞെടുത്ത വിഷയം സറോ പിന്നീടു ഞങ്ങളോ പരസ്പരം മിണ്ടിയിട്ടില്ല. ആ സമയത്താണ് ചിത്രാഞ്ജലിയിൽ കൈരളീ വിലാസം ലോഡ്ജ് സീരിയൽ ചിത്രീകരണം നടന്നത്. അവിടെ വെച്ച് നടൻ ശ്രീനിവാസനെ ഇന്റെർവ്വ്യു ചെയതു.അതെഴുതി ജയചന്ദ്രൻ സാറിന്റെ കൈയ്യിൽ കൊടുത്തു.ഹെഡ്ഡിംഗ് ഉൾപ്പടെ ഇട്ടാണു കൊടുത്തത്.'ഗ്ലാമർ സങ്കൽപ്പത്തെ തോൽപിച്ച നടൻ' അടുത്തയാഴ്ച ഫിലിം മാഗസിനിൽ ബൈലൈനോടു കൂടി സ്റ്റോറി അച്ചടിച്ചു വന്നു. അന്നു സാറിന്റെ മുറിയിൽ ചെന്നപ്പോൾ ഇരിക്കണം മിസ്റ്റർ വില്യംസ് എന്നു പറഞ്ഞു.എന്നിട്ടു സംസാരിച്ചു.സാറിന്റെ കണ്ണുകൾ സംഭാഷണത്തിലുടനീളം നമ്മളെ പ്രത്യേകരിതിയൽ വീക്ഷിച്ചു കൊണ്ടിരിക്കും. സുേ രന്ദ്രൻ ഒരു വൗച്ചർ ഒപ്പിടിച്ചു.എന്നിട്ട് ഒരു നൂറു രൂപ തന്നു.ജീവിതത്തിലെ ആദ്യത്തെ പ്രതിഫലം.അന്നു പേട്ടയിൽ നിന്നും രാത്രി കണ്ണൂർ എക്സപ്രസിൽ കൊല്ലത്തേക്കു പോയത് സ്വപ്നങ്ങൾ കണ്ടായിരുന്നു.

സാറിന്റെ കീഴ്സ്ഥായിയിലുള്ള ശബ്ദത്തിൽ വില്യംസ് എന്നാണ് എന്നെ വിളിക്കാറുള്ളത്.പതുക്കെ കലാകൗമുദി കുടുംബത്തിലെ അംഗമായി മാറി.പിന്നീട് കലാകൗമുദിയിൽ എഴുതുവാൻ അവസരങ്ങൾ വന്നു.എന്റെ കല്യാണത്തിനു ശക്തികുളങ്ങരയിലെ കടൽതീരത്തുള്ള തെക്കേക്കരപള്ളിയിൽ എസ്സ്.ജയചന്ദ്രൻ നായരും കെ.ബാലചന്ദ്രൻ, പി.ഫസലൂദ്ദീനും ഉൾപ്പെട്ടസംഘം കാറ്റേറ്റു നിൽക്കുന്നത് ഇന്നലത്തേപ്പോലെ ഓർമ്മയുണ്ട്.ഇവിടുത്തെ പോർച്ചുഗീസ് ടച്ചുള്ള കല്യാണ വിഭവങ്ങളെക്കുറിച്ച് എം.എസ് മണി സാറിനോടു പറഞ്ഞപ്പോൾ 'എടാ മുക്കുവാ' നീ എന്നെ കൊണ്ടു പോകാത്തതെന്താ എന്നു ചോദിച്ചതും ഓർമ്മ.മണിസാർ എന്നെ 'എടാ മുക്കവാ' എന്നാണു പിന്നീടെപ്പോഴും വിളിക്കുന്നത്.

മകൾ ജനിച്ചപ്പോൾ അഞ്ജനയെന്ന പേര് ജയചന്ദ്രൻ സാറാണു പറഞ്ഞു തന്നത്.തിരുവനന്തപുരത്തു വീടു വെക്കണമെന്ന ആഗ്രഹം അറിയാമായിരുന്ന സാർ അഞ്ചുസെന്റിൽ പൂർത്തിയാക്കാവുന്ന നാലുകെട്ടിന്റെ മാതൃകയിലുള്ള പ്ലാൻ വരച്ചു തന്നു.പിന്നീട് ഒരു തിരക്കഥ പൂർണ്ണമായും എഴുതി എന്റെ പേരു വെച്ചു തന്നു.കൊണ്ടുപോയി സിനിമയാക്കൂ എന്നു പറഞ്ഞാണു തന്നത് അതു കൈയ്യിൽ നിന്നു നഷ്ടപ്പെട്ടു.മോഹൻലാലും,ജഗതിയുമാണ് മുഖ്യ കഥാപാത്രങ്ങൾ. പിന്നീട് ഇതെക്കുറിച്ചൊക്കെ ആലോചിക്കുമ്പോൾ മനസ്സിലൊരു വിങ്ങലാണ്. സാറ് ബാഗ്ലൂരിലാണന്നറിയാം പക്ഷേ കാണുവാൻ പറ്റുന്നില്ല.കേരളകൗമുദിയിലെ കെ.ബാലചന്ദ്രനെ വിളിക്കാറുണ്ടന്നറിഞ്ഞു.പിന്നെ ഫോട്ടോഗ്രാഫർ ശങ്കരൻകുട്ടിയുമായിട്ടാണു ബന്ധമുള്ളത്.ഇടക്കാലത്തു ഇവിടെ വരുന്നുവെന്നു സുരേന്ദ്രൻ പറഞ്ഞു.നമ്മൾ നടന്ന കയറിയ വഴികളിൽ ആരൊക്കെയായിരുന്നു നമുക്ക് വിളക്കായും വെളിച്ചമായും മുമ്പോട്ടു നയിച്ചത്.അവരൊക്കെ ഇല്ലാതാവുമ്പോൾ ശൂന്യതയുടെ ഇരുട്ട് നമ്മളെ വന്നു മൂടുന്നതു പോലെ...



# ഡിസ്ട്രിക്റ്റ് കളക്റ്റേഴ്സ് ട്രോഫി ജനുവരി 14ന്

ജില്ലയുടെ ഔദ്യോഗിക ക്വിസ് ചാമ്പ്യൻ സ്കൂളിനെ കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടം സംഘടിപ്പിക്കുന്ന കഝഅ ക്വിസ്സിംഗ് ചാമ്പ്യൻഷിപ്പിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

ജനുവരി 14ന് രാവിലെ 9.30ന് ലൊയോള സ്കൂളിൽ വെച്ച് നടക്കുന്ന മത്സരത്തിൽ ജില്ലയിലെ എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് രണ്ടു പേരടങ്ങുന്ന ടീമുകളായി പങ്കെടുക്കാം. ഠഠഠ.ശൂമ.മശെമ എന്ന പോർട്ടലിലൂടെ കഝഅ ഏഷ്യ യിൽ ക്വിസ് പ്ലെയർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് മത്സരിക്കാം. ഒരു സ്കൂളിൽ നിന്നും പരമാവധി 5 ടീമുകൾക്ക് മത്സരത്തിൽ പങ്കെടുക്കാം. വിജയികൾക്ക് ജില്ലയിലെ ഔദ്യോഗിക ക്വിസ് ചാമ്പ്യൻ സ്കൂളിനുള്ള ഡിസ്ട്രിക്ട് കളക്റ്റേഴ്സ് ട്രോഫി ജില്ലാ കളക്ടർ സമ്മാനിക്കും.

കളക്ടർ മുഖ്യ രക്ഷാധികാരിയായി ഐ ക്യു എ തിരുവനന്തപുരം ജില്ലാ ചാപ്റ്ററും ജില്ലാ ചാംപ്യൻഷിപ് സംഘാടക സമിതിയും രൂപീകരിച്ചു. ജില്ലാ ചാമ്പ്യന്മാർ സംസ്ഥാന തല ഫൈനലിലേക്ക് യോഗ്യത നേടും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: 79076 3 5 3 9 9 , iqakeralsqc@gmail.com

## സപ്പോർട്ടിംഗ് എഞ്ചിനീയറുടെ ഒഴിവിലേക്ക് അപേക്ഷിക്കാം

ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സപ്പോർട്ടിംഗ് എഞ്ചിനീയർമാരുടെ രണ്ട് ഒഴിവുകളിലേക്ക് പട്ടികജാതി വിഭാഗക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ്, ഐ.ടി വിഷയങ്ങളിൽ ബി.ടെക്, എം.സി.എ അല്ലെങ്കിൽ എം.എസ്.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

ഒരു വർഷത്തേക്കാണ് നിയമനം. പ്രായപരിധി 35 വയസ്സ്. താത്പര്യമുള്ളവർ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം സർഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ജനുവരി 8ന് മുമ്പ് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഫോൺ: 0471- 2314238, 0471- 2314232

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ജില്ലാ സിറ്റിംഗ് ജനുവരി 6 തിങ്കളാഴ്ച രാവിലെ 11ന് കമ്മീഷന്റെ ശാസ്തമംഗലത്തുള്ള ഓഫീസിലെ കോർട്ട് ഹാളിൽ നടക്കും. സിറ്റിംഗിൽ നിലവിലുള്ള പരാതികൾ പരിഗണിക്കുന്നതോടൊപ്പം പുതിയ പരാതികൾ സ്വീകരിക്കുന്നതുമാണ്. കമ്മീഷന്റെ 9746515133 എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്കും പരാതികൾ അയക്കാവുന്നതാണ്.

## കംപ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെൻറ് കോഴ്സ്

ഡിപ്ലോമ ഇൻ കംപ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെൻറ് ആൻഡ് അഡ്മിനിസ്ട്രേഷൻ എന്ന പരിശീലന പരിപാടിയുടെ അടുത്ത ബാച്ച് ജനുവരി 6ന് ആരംഭിക്കും. രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും എൽ.ബി.എസ് പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9447329978, 0471-2349232/234

## കുക്കിനെ താത്കാലികമായി നിയമിക്കുന്നു

അയണിക്കാട് പ്രവർത്തിക്കുന്ന നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് താലൂക്ക് ഹോമിയോ ആശുപത്രിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായി കുക്കിനെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ജനുവരി 10 വൈകീട്ട് 5വരെ ആശുപത്രിയിൽ സമർപ്പിക്കാം. ഫോൺ: 0472 2997557



# സിറിയയിലെ മിസൈൽ നിർമാണകേന്ദ്രം തകർത്ത് ഇസ്രയേൽ

ജറുസലം : 2024 സെപ്റ്റംബർ 8- 120 കമാൻഡോകൾ അത്യാധുനിക ആയുധങ്ങളുമായി ഹെലികോപ്റ്ററുകളിൽ അർധരാത്രി ഇസ്രയേലിൽനിന്ന് പറന്നുയർന്നു. സിറിയൻ റഡാറുകളുടെ കണ്ണിൽപ്പെടാതിരിക്കാൻ മെഡിറ്ററേനിയൻ കടലിനു മുകളിലൂടെയായിരുന്നു പറക്കൽ. കിഴക്കൻ സിറിയയിലെ മസ്യാഫ് മേഖലയിൽ ഇറാന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മിസൈൽ നിർമാണ കേന്ദ്രമായിരുന്നു ലക്ഷ്യം. മൂന്നു മണിക്കൂർ നീണ്ടുനിന്ന സൈനിക ഓപ്പറേഷന്റെ അവസാനം താവളം തകർത്ത് ഇസ്രയേൽ സൈന്യം മടങ്ങി. പ്രയോഗിച്ച ശക്തിയേറിയ ബോംബുകൾ ഭൂമിയെ കുലുക്കി.

'ഓപ്പറേഷൻ മെനി വേയ്സ്'- വർഷങ്ങളുടെ നിരന്തര നീരീക്ഷണത്തിനും ആസൂത്രണത്തിനും ഒടുവിലാണ് സൈനിക താവളം തകർക്കാൻ ഇസ്രയേൽ തീരുമാനിച്ചത്. ഓപ്പറേഷന്റെ വിശദാംശങ്ങൾ ഇസ്രയേൽ വ്യോമസേന പുറത്തുവിട്ടു. സിറിയൻ വ്യോമ പ്രതിരോധ സംവിധാനങ്ങൾ ശക്തമായ പ്രദേശത്തായിരുന്നു മിസൈൽ ഉൽപാദന കേന്ദ്രം. സിറിയയ്ക്കും ലെബനനിലെ സായുധസംഘമായ ഹിസ്ബുല്ലയ്ക്കും മിസൈലുകൾ നൽകാനാണ് ഇറാൻ കേന്ദ്രം ആരംഭിച്ചതെന്ന് ഇസ്രയേൽ പറയുന്നു. കേന്ദ്രത്തിന്റെ നിർമാണം 2017ൽ തുടങ്ങിയെന്നാണ് ഇസ്രയേൽ സൈന്യം കണ്ടെത്തിയത്. തെക്കൻ സിറിയയിലെ റോക്കറ്റ് നിർമാണ കേന്ദ്രം നേരത്തെ ഇസ്രയേൽ തകർത്തതോടെയാണ് ഭൂഗർഭ കേന്ദ്രം ആരംഭിച്ചത്.

മൂന്നു ഭാഗങ്ങളാണ് കേന്ദ്രത്തിനുള്ളതെന്ന് ഇസ്രയേൽ കണ്ടെത്തി. അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്ന കേന്ദ്രം, നിർമാണം പൂർത്തിയായ മിസൈലുകൾ സൂക്ഷിക്കുന്ന കേന്ദ്രം, ഓഫിസ് സമുച്ചയം. 16 മിസൈൽ നിർമാണ മുറികൾ കേന്ദ്രത്തിലുണ്ടായിരുന്നു. ഒരു വർഷം നൂറു മുതൽ 300 റോക്കറ്റുകൾവരെ നിർമിക്കാൻ കേന്ദ്രത്തിന് ശേഷിയുണ്ടെന്നാണ് ഇസ്രയേൽ വിലയിരുത്തൽ. മുന്നൂറു കിലോമീറ്റർ പരിധിയുള്ള റോക്കറ്റുകളാണ് നിർമിച്ചിരുന്നത്. ഇസ്രയേൽ അതിർത്തിയിൽനിന്ന് 200 കിലോമീറ്ററും സിറിയയുടെ പടിഞ്ഞാറൻ തീരത്തുനിന്ന് 45 കിലോമീറ്ററും അകലെയായിരുന്നു കേന്ദ്രം. ഹിസ്ബുല്ലയ്ക്ക് ഈ കേന്ദ്രത്തിൽനിന്ന് ആയുധങ്ങൾ വാങ്ങാൻ എളുപ്പമായിരുന്നു.

ഇസ്രയേലിന്റെ പ്രത്യേക കമാൻഡോ സംഘം രണ്ടു മാസത്തെ പരിശീലനം നടത്തി. ഓപ്പറേഷൻ നടത്തുന്ന സ്ഥലം, ഭൂപ്രകൃതി, വെല്ലുവിളികൾ ഇവയെല്ലാം കൃത്യമായി മനസ്സിലാക്കിയശേഷമാണ് വിമാനങ്ങൾ സൈനികരുമായി പറന്നുയർന്നത്. സിറിയൻ ഭൂപ്രദേശത്ത് എത്തിയതോടെ റഡാറിൽ കാണാതിരിക്കാനായി വിമാനങ്ങൾ താഴ്ന്നു പറന്നു. സിറിയൻ സൈന്യത്തിന്റെ ശ്രദ്ധ മാറ്റാനായി സിറിയയുടെ മറ്റു ചില പ്രദേശങ്ങളിൽ ഇസ്രയേൽ ആക്രമണം നടത്തി.

ഡ്രോണിലൂടെ പരിസരം നിരീക്ഷിച്ചശേഷം കമാൻഡോകൾ നിലത്തേക്കിറങ്ങി. മിസൈൽ ഉൽപാദന കേന്ദ്രത്തിലേക്ക് ഇരച്ചു കയറിയ ഇസ്രയേൽ സൈനികർ സിറിയൻ സൈനികരിൽ ചിലരെ വധിച്ചശേഷം കേന്ദ്രത്തിന്റെ വിവിധയിടങ്ങളിൽ സ്ഫോടക വസ്തുക്കൾ സ്ഥാപിച്ചു. ഓപ്പറേഷൻ പൂർത്തിയായശേഷം വിദൂരനിയന്ത്രിത സാങ്കേതിക വിദ്യയിലൂടെ ഉഗ്രസ്ഫോടനം നടത്തി. 30 സിറിയൻ സൈനികർ കൊല്ലപ്പെട്ടതായാണ് ഇസ്രയേൽ സൈന്യം അവകാശപ്പെടുന്നത്.

# പേശീഘടന മനസ്സിലാക്കി കായികയിനം തിരഞ്ഞെടുക്കാൻ മാർഗ്ഗം എൻ എസ് എസ് എഞ്ചിനീയറിങ് കോളേജിലെ ഗവേഷണത്തിന് പേറ്റന്റ്

പേശീഘടന മനസ്സിലാക്കി കായികതാരങ്ങൾക്ക് ഏറ്റവും അനുയോജ്യമായ കായിക ഇനം തെരഞ്ഞെടുക്കുന്നതിനായുള്ള പേശീഘടനാ പഠനത്തിനായുള്ള ചെലവു കുറഞ്ഞതും വേഗത്തിൽ ചെയ്യാവുന്നതുമായ പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചതിന് പാലക്കാട് എൻ എസ് എസ് എഞ്ചിനീയറിങ് കോളേജിലെ ഗവേഷകർക്ക് പുതുവർഷത്തിൽ പേറ്റന്റ്.

കോളേജിലെ ഇൻസ്ട്രുമെന്റേഷൻ ആൻഡ് കണ്ട്രോൾ എഞ്ചിനീയറിംഗ് വകുപ്പ് പ്രൊഫസർ ജി വേണുഗോപാലിന്റെ നേതൃത്വത്തിൽ നടത്തിയ ഗവേഷണത്തിന് ഐ ഐ ടി മദ്രാസിലെ പ്രൊഫസർ എസ് രാമകൃഷ്ണന്റെ പിന്തുണ നൽകി. ഇവർ രണ്ടുപേർക്കും പുറമെ വിദ്യാർത്ഥികളായ രമ്യആർ നായർ, ദിവ്യ ശശിധരൻ എന്നിവരാണ് ഗവേഷണ സംഘത്തിലുള്ളത്.

ശരീരത്തിൽ മുറിവുണ്ടാക്കി ശേഖരിക്കുന്ന പേശീഭാഗം ബയോപ്സിക്കയച്ച്, പേശീഘടന മനസിലാക്കുന്ന രീതിയാണ് നിലവിൽ അവലംബിക്കുന്ന മാർഗ്ഗം. ചെലവേറിയതും അതേസമയം കാലതാമസമെടുക്കുന്നതുമാണ് ഈ രീതി. അതുകൊണ്ടുതന്നെ അത്തരം ശാസ്ത്രീയ രീതികൾ പൊതുവെ ആരും സ്വീകരിക്കാറില്ല. ഇതിൽ നിന്നും വളരെ വ്യത്യസ്തമായി തൊലിപുറത്ത്നിന്ന് ലഭിക്കുന്ന ഇലക്ട്രിക്ക് സിഗ്നലുകളുടെ വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ പേശീഘടന മനസിലാക്കാൻ സാധിക്കുന്നതാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്ന സാങ്കേതിക വിദ്യ. ചെലവ് കുറഞ്ഞ ഈ രീതിയിൽ അതിവേഗം ഫലമറിയാനും സാധിക്കും.

കായികമത്സരാർത്ഥികളെ അന്തർദേശീയ മത്സരങ്ങൾക്ക് യോഗ്യരാക്കി മാറ്റാൻ പുതിയ സാങ്കേതിക വിദ്യയിലൂടെ സാധിക്കും. പേശീസംബന്ധമായ വൈദ്യപഠനങ്ങൾക്കും ചികിത്സകൾക്കും സഹായകരമാകുന്ന വിവരങ്ങൾ ലഭ്യമാക്കാനും ഈ നൂതന മാർഗ്ഗത്തിനാവും.

'കായികതാരങ്ങളുടെ കരിയറിന്റെ തുടക്കത്തിൽ തന്നെ മസിൽ ഫൈബർ ടൈപ്പോളജി വിലയിരുത്തി കഴിവുകൾ തിരിച്ചറിയുന്നതിനും പരിശീലനരീതി വികസിപ്പിക്കുന്നതിനും ഈ സാങ്കേതികവിദ്യ കായിക പരിശീലകരെ സഹായിക്കും,' പ്രൊഫ. വേണുഗോപാൽ പറഞ്ഞു.

സ്പോർട്സ് സയൻസ്, ഫിസിയോതെറാപ്പി, കായിക പരിശീലന രീതികൾ എന്നീ മേഖലകളിൽ വലിയ വിപ്ലവം സൃഷ്ടിക്കാൻ ഈ സാങ്കേതിക വിദ്യക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാഡി രോഗങ്ങളെത്തുടർന്നുണ്ടാകുന്ന മസിൽ ഫൈബർ വ്യത്യാസങ്ങൾ തിരിച്ചറിയുന്നതിന് ക്ലിനിക്കൽ ശാസ്ത്രങ്ങളിൽ ഈ സാങ്കേതികവിദ്യ സ്വീകരിക്കപ്പെടാൻ സാധ്യതയുണ്ട്.

# തിരുവമ്പാടി, പാറമേക്കാവ് വേല; വെടിക്കെട്ടിന് അനുമതി

കൊച്ചി: തിരുവമ്പാടി, പാറമേക്കാവ് വേല വെടിക്കെട്ടിന് ഹൈക്കോടതിയുടെ അനുമതി. വെടിക്കെട്ട് നടക്കുമ്പോൾ വെടിക്കെട്ട് പുരയിൽ സ്ഫോടക വസ്തുക്കൾ ഇല്ലെന്ന് ഉറപ്പാക്കണമെന്ന് നിർദേശിച്ചുകൊണ്ടാണ് ഹൈക്കോടതി അനുമതി നൽകിയത്.

കേന്ദ്ര വിജ്ഞാപന പ്രകാരം വേലയുടെ ഭാഗമായുള്ള വെടിക്കെട്ടിന് ജില്ലാ കളക്ടർ അനുമതി നിഷേധിച്ചിരുന്നു. തുടർന്ന് തിരുവമ്പാടി ദേവസ്വവും പാറമേക്കാവ് ദേവസ്വവും ഹൈക്കോടതിയെ സമീപിച്ചത്. കേന്ദ്ര വിജ്ഞാപന പ്രകാരം ഫയർവർക്ക് കൺട്രോളർ, അസിസ്റ്റൻറ് കൺട്രോളർ എന്നീ തസ്തികകൾ രൂപീകരിക്കാൻ പെസോയ്ക്ക് കോടതി നിർദേശം നൽകി.

ജനുവരി മൂന്നിനാണ് പാറമേക്കാവിന്റെയും അഞ്ചിനാണ് തിരുവമ്പാടിയുടെയും വേല. തൃശൂർ പൂരം വെടിക്കെട്ട് നടക്കുന്ന തേക്കിൻകാട് മൈതാനിയിൽ തന്നെയാണ് വേല വെടിക്കെട്ടും നടക്കാറുള്ളത്.

പുതിയ കേന്ദ്ര സ്ഫോടക വസ്തു ചട്ട നിയമപ്രകാരം ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമല്ലാത്ത വിധം വെടിക്കെട്ട് നടത്തുന്നതിനുള്ള ഭൗതിക സാഹചര്യം ഇല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ജില്ലാ കളക്ടർ വേല വെടിക്കെട്ടിന് അനുമതി നിഷേധിച്ചത്

## അഭിമുഖം

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിൽ ഒഴിവുള്ള ഒരു ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നതിന് ജനുവരി 7ന് രാവിലെ 10.30ന് അഭിമുഖം നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ടി.എച്ച്.എസ്/വി.എച്ച്.എസ്.ഇ/ഐ.ടി.ഐ ആണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, ബയോഡേറ്റ എന്നിവ സഹിതം നെടുമങ്ങാട് ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

# സ്കൂൾ കലോത്സവം ഹൈടെക്കാക്കി 'കൈറ്റ്'

തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഹൈടെക് ആക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിപുലമായ സംവിധാനങ്ങൾ ഒരുക്കി.

**കലോത്സവം പോർട്ടൽ**

www.ulsavam.kite.kerala.gov.in പോർട്ടൽ വഴി രജിസ്ട്രേഷൻ മുതൽ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് പ്രിന്റിംഗും ഉൾപ്പെടെയുള്ള മുഴുവൻ പ്രക്രിയകളും പൂർണമായും ഓൺലൈൻ രൂപത്തിലാക്കി. മത്സരാർത്ഥികളെ ക്ലസ്റ്ററുകളാക്കി തിരിക്കുക, അവരുടെ പാർട്ടിസിപ്പന്റ് കാർഡ് ലഭ്യമാക്കുക, ടീം മാനേജർമാർക്കുള്ള റിപ്പോർട്ടുകൾ, സ്റ്റേജുകളിലെ വിവിധ ഇനങ്ങൾ, ഓരോ സ്റ്റേജിലേയും ഓരോ ഇനങ്ങളും യഥാസമയം നടത്തുന്നതിനുള്ള ടൈംഷീറ്റ്, കാൾഷീറ്റ്, സ്കോർഷീറ്റ്, ടാബുലേഷൻ തുടങ്ങിയവ തയാറാക്കൽ ലോവർ - ഹയർ അപ്പീൽ നടപടിക്രമങ്ങൾ തുടങ്ങിയവ പൂർണമായും പോർട്ടൽ വഴിയായിരിക്കും. സർട്ടിഫിക്കറ്റുകളുടെ ആധികാരികത ക്യൂ.ആർ.കോഡ് വഴി ഉറപ്പാക്കാനും ഡിജി ലോക്കർ വഴി ലഭ്യമാക്കാനും പോർട്ടലിൽ സൗകര്യമുണ്ട്.

**'ഉത്സവം' മൊബൈൽ ആപ്**

ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് 'ഗകഠഋ ഡഘടഅഢഅങ' എന്ന് നൽകി ആപ് ഡൗൺലോഡ് ചെയ്യാം. മത്സരഫലങ്ങൾക്കുപുറമെ 24 വേദികളിലും പ്രധാന ഓഫീസുകളിലും പെട്ടെന്ന് എത്താൻ കഴിയുന്ന തരത്തിൽ ഡിജിറ്റൽ മാപ്പുകളും വിവിധ വേദികളിലെ മത്സര ഇനങ്ങൾ അവ തീരുന്ന സമയം ഉൾപ്പെടെ തത്സമയം അറിയാനുള്ള സംവിധാനവും 'ഉൽസവം' ആപ്പിലുണ്ട്.

**രചനാ മത്സരങ്ങൾ 'സ്കൂൾ വിക്കി'യിൽ**

കലോത്സവത്തിലെ വിവിധ രചനാ മത്സരങ്ങൾ (കഥ, കവിത, ചിത്രരചന, കാർട്ടൂൺ, പെയിന്റിങ്ങ് തുടങ്ങിയവ) ഫലപ്രഖ്യാപനത്തിനുശേഷം സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. 2016 കലോത്സവം മുതലുള്ള കലോത്സവ രചനകളും സ്കൂൾ വിക്കിയിൽ ലഭ്യമാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു തുടങ്ങിയ മുഴുവൻ ഭാഷകളിലെ മത്സര ഇനങ്ങളും സ്കൂൾ വിക്കിയിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെകൂടെ സഹായത്താൽ ലഭ്യമാക്കും.

## ഡെപ്യൂട്ടേഷൻ നിയമനം

ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ജൂൺ 1 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ കുറയാത്ത പദവിയിലുള്ള ഹിന്ദുമത വിശ്വാസികളായ ഉദ്യോഗസ്ഥർ ഏപ്രിൽ 10 നകം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കണം. സ്പെഷ്യൽ സെക്രട്ടറി, റവന്യൂ (ദേവസ്വം (അ)) വകുപ്പ്, റൂം നം. 505, അഞ്ചാം നില, അനക്സ് 2, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിലാണ് അപേക്ഷ നൽകേണ്ടത്. ഇ-മെയിൽ : secretariatdevaswom@gmail.com.

## ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജ് ന്യൂറോസർജറി വിഭാഗത്തിലെ ഒടി ലൈറ്റ് റിപ്പയർ ചെയ്യുന്നതിനും എൽഇഡി ഡോം വാങ്ങുന്നതിനും നിശ്ചിത ഫോറത്തിൽ മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ അപേക്ഷാഫോമുകൾ മെഡിക്കൽ കോളജ് ഓഫീസിൽ നിന്നും വാങ്ങണം. ജനുവരി 21 ഉച്ചയ്ക്ക് 3 മണി വരെ ഫോമുകൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2528855, 2528055.

# വയോസാന്ത്വനം പദ്ധതി: അപേക്ഷ ക്ഷണിച്ചു

സംരക്ഷിക്കാനാരും ഇല്ലാത്തവരും കിടപ്പ് രോഗികളുമായ വയോജനങ്ങൾക്ക് സ്ഥാപനതല സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'വയോസാന്ത്വനം' പദ്ധതിയുടെ ഭാഗമായി കിടപ്പ് രോഗികളായ വയോജനങ്ങൾക്ക് സംരക്ഷണം നൽകാൻ തയ്യാറുള്ള സന്നദ്ധ സംഘടനകൾക്ക് 'വയോസാന്ത്വനം' പദ്ധതിയിലൂടെ സർക്കാർ ഗ്രാന്റ് അനുവദിക്കും. സംസ്ഥാന വ്യാപകമായി ഓരോ ജില്ലയിലും ഒരു സ്ഥാപനം വീതം ആരംഭിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. താമസക്കാരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ യാതൊരു വിധ ഫീസും ഈടാക്കാതെ പദ്ധതി നടത്തണം.

പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായ മനുഷ്യ വിഭവശേഷിയുടെയും, ദൈനംദിന ചെലവുകളുടേയും 80 ശതമാനം തുക സർക്കാർ ഗ്രാന്റായി അനുവദിക്കും. ബാക്കി 20 ശതമാനം തുക എൻ.ജി.ഒ വഹിക്കണം. സർക്കാരിൽ നിന്നും മറ്റ് ഗ്രാന്റുകളോ ആനുകുല്യങ്ങളോ ലഭ്യമാകാത്ത എൻ.ജി.ഒകളെയാണ് പദ്ധതിയിൽ പരിഗണിക്കുന്നത്. 25 കിടപ്പ് രോഗികളെ സംരക്ഷിക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടത്താൻ താൽപര്യമുള്ള സന്നദ്ധസംഘടനകൾക്ക് അപേക്ഷിക്കാം.

പദ്ധതി സംബന്ധിച്ച വിശദാംശം www.sjd.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷയും അനുബന്ധ രേഖകളും ജനുവരി 18നകം ബന്ധപെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് (2 പകർപ്പ്) സമർപ്പിക്കണം.

## സിറ്റിങ് മാറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ തിരുവനന്തപുരം തൈക്കാട് സർക്കാർ ഗസ്റ്റ് ഹൗസിൽ ജനുവരി 7ന് നടത്താനിരുന്ന ക്യാമ്പ് സിറ്റിങ് മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## പരിശീലന പരിപാടി

'ഡിപ്ലോമ ഇൻ കംപ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ (ഉഇഛഅങഅ)' പ്രായോഗിക പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ജനുവരി 6ന് ആരംഭിക്കും. രജിസ്ട്രേഷനും വിശദ വിവരങ്ങൾക്ക് www.lbt.ac.in. ഫോൺ : 9447329978, 0471-2349232/234

# നിയമസഭ പുസ്തകോത്സവം: മീഡിയ അവാർഡിന് അപേക്ഷ ക്ഷണിച്ചു

ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി പുസ്തകോത്സവം സംബന്ധിച്ച വാർത്തകൾ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന അച്ചടി, ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങൾക്കായി നാല് മാധ്യമ അവാർഡുകളും, മികച്ച റിപ്പോർട്ടർ (അച്ചടി, ദൃശ്യ, ശ്രവ്യ, ഓൺലൈൻ), മികച്ച വീഡിയോഗ്രാഫർ, മികച്ച ഫോട്ടോഗ്രാഫർ എന്നിവർക്കായി ആറ് വ്യക്തിഗത അവാർഡുകളും ഉൾപ്പെടെ ആകെ 10 മാധ്യമ അവാർഡുകൾ ഏർപ്പെടുത്തി. 10,000 രൂപയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് ഓരോ അവാർഡും. അപേക്ഷകൾ ജനുവരി 22ന് വൈകുന്നേരം 4 മണിക്ക് മുമ്പ് സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം- 33 എന്ന വിലാസത്തിൽ ലഭിക്കണം. അപേക്ഷാ ഫോമും മാർഗനിർദ്ദേശങ്ങളും www.niyamasabha.org യിൽ ലഭ്യമാണ്.

# അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ മെമ്പർ (1) (ജനറൽ), ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലെ മെമ്പർ കണ്ണൂർ (1), കോഴിക്കോട് (1) (വനിതാ സംവരണം), കാസർഗോഡ് (1) (വനിതാ സംവരണം), എറണാകുളം (1) (വനിതാ സംവരണം), തൃശൂർ (1) (വനിതാ സംവരണം), പത്തനംതിട്ട (1) (ജനറൽ), പാലക്കാട് (2 ഒഴിവുകളിൽ ഒന്ന് (വനിതാ സംവരണം), ഇടുക്കി (1) ജനറൽ, കോട്ടയം (1) (ജനറൽ), വയനാട് (1) (ജനറൽ) എന്നീ തസ്തികകളിൽ നിലവിലുള്ളതും പ്രതീക്ഷിക്കപ്പെടുന്നതുമായ ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 21.

വിശദമായ നോട്ടിഫിക്കേഷനും അപേക്ഷ ഫോമും www.consumeraffairs.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

# സൂപ്പർ 2024, ഇനി മികവിന്റെ രേഖചിത്രവുമായി 2025ൽ തുടക്കം കുറിക്കാൻ ആസിഫ് അലി...

2025ന്റെ ആരംഭത്തിലേ വമ്പൻ ഹിറ്റടിക്കാനുള്ള ഒരുക്കത്തിലാണ് ആസിഫ് അലി. 'കിഷ്കിന്ധാ കാണ്ഡം'ത്തിന്റെ വമ്പൻ വിജയത്തിന് ശേഷം ആസിഫ് അലി നായകനായെത്തുന്ന 'രേഖാചിത്രം' ജനുവരി 9ന് തിയറ്ററുകളിലെത്തും. ജോഫിൻ ടി ചാക്കോ സംവിധാനം നിർവഹിക്കുന്ന ഈ സിനിമ കാവ്യ ഫിലിം കമ്പനി, ആൻ മെഗാ മീഡിയ എന്നീ ബാനറുകളിൽ വേണു കുന്നപ്പിള്ളിയാണ് നിർമ്മിക്കുന്നത്. അനശ്വര രാജനാണ് നായിക. 2024ൽ 'തലവൻ', 'അഡിയോസ് അമിഗോ', 'ലെവൽ ക്രോസ്', 'കിഷ്കിന്ധാ കാണ്ഡം' തുടങ്ങിയ ചിത്രങ്ങളിലെ വ്യത്യസ്തമായ കഥാപാത്രങ്ങളിലൂടെ പ്രേക്ഷകരെ വിസ്മയിപ്പിച്ച ആസിഫ് അലിയുടെ അടുത്ത ബെഞ്ച് മാർക്കായിരിക്കും 'രേഖാചിത്രം' എന്നാണ് ചിത്രത്തിന്റെ ട്രെയിലർ കണ്ട പ്രേക്ഷകർ അഭിപ്രായപ്പെടുന്നത്. സെൻസറിംങ് കഴിഞ്ഞ ചിത്രത്തിന് യു/എ സർട്ടിഫിക്കറ്റാണ് ലഭിച്ചിരിക്കുന്നത്.

2024ൽ 'തലവൻ'നിൽ കാർത്തിക് എന്ന പോലീസ് കഥാപാത്രത്തെ അവതരിപ്പിച്ച് പ്രേക്ഷകരെ ഒന്നടങ്കം ഞെട്ടിച്ചു. 2025ൽ 'രേഖാചിത്രം'ത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്ററിൽ പോലീസ് വേഷത്തിൽ പ്രത്യക്ഷപ്പെട്ട് പ്രേക്ഷകരെ വീണ്ടും ആകാംക്ഷയിലാഴ്ത്തിയിരിക്കുകയാണ്. ഇതൊരു ഇൻവെസ്റ്റിഗേഷൻ ഡ്രാമയാണെന്ന് ആസിഫ് അലി നേരത്തെ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നെങ്കിലും ചിത്രത്തിന്റെ പ്രമേയം അറിയാനുള്ള ആവേശത്തിലാണ് പ്രേക്ഷകർ. ജോഫിൻ ടി ചാക്കോ, രാമു സുനിൽ എന്നിവരുടെ കഥക്ക് ജോൺ മന്ത്രിക്കലാണ് തിരക്കഥ തയ്യാറാക്കിയത്.




മനോജ് കെ ജയൻ, ഇന്ദ്രൻസ്, ഹരിശ്രീ അശോകൻ തുടങ്ങിയവർ സുപ്രധാന വേഷങ്ങളിലെത്തുന്ന ചിത്രത്തിലെ മറ്റ് പ്രധാന കഥാപാത്രങ്ങൾ ഭാമ അരുൺ, സിദ്ദിഖ്, ജഗദീഷ്, സായികുമാർ, ശ്രീകാന്ത് മുരളി, നിഷാന്ത് സാഗർ, പ്രേംപ്രകാശ്, സുധി കോപ്പ, മേഘ തോമസ്, സെറിൻ ശിഹാബ് ('ആട്ടം' ഫെയിം) തുടങ്ങിയവരാണ് അഭിനയിക്കുന്നത്. 'മാളികപ്പുറം', '2018' 'ആനന്ദ് ശ്രീബാല' എന്നീ ചിത്രങ്ങൾക്ക് ശേഷം കാവ്യ ഫിലിം കമ്പനിയും ആൻ മെഗാ മീഡിയയും ഒന്നിക്കുന്ന സിനിമയാണിത്. വമ്പൻ ബജറ്റിലാണ് ചിത്രം ഒരുങ്ങുന്നത്. ചിത്രത്തിന്റേതായ് ഇതുവരെ പുറത്തുവിട്ട പോസ്റ്ററുകളും ചിത്രത്തിന്റെ ടീസർ, ട്രെയിലർ എന്നിവയും വലിയ രീതിയിൽ പ്രേക്ഷകശ്രദ്ധ ആകർഷിച്ചിരുന്നു.

ഛായാഗ്രഹണം: അപ്പു പ്രഭാകർ, ചിത്രസംയോജനം: ഷമീർ മുഹമ്മദ്, കലാസംവിധാനം: ഷാജി നടുവിൽ, സംഗീത സംവിധാനം: മുജീബ് മജീദ്, ഓഡിയോഗ്രഫി: ജയദേവൻ ചാക്കടത്ത്, ലൈൻ പ്രൊഡ്യൂസർ: ഗോപകുമാർ ജി കെ, പ്രൊഡക്ഷൻ കൺട്രോളർ: ഷിബു ജി സുശീലൻ, വസ്ത്രാലങ്കാരം: സമീറ സനീഷ്, മേക്കപ്പ്: റോണക്സ് സേവ്യർ, വിഫ്എക്സ്: മൈൻഡ്സ്റ്റീൻ സ്റ്റുഡിയോസ്, വിഫ്എക്സ് സൂപ്പർവൈസർസ്: ആൻഡ്രൂ ഡി ക്രൂസ്, വിശാഖ് ബാബു, കളറിസ്റ്റ്: ലിജു പ്രഭാകർ, കളറിംഗ് സ്റ്റുഡിയോ: രംഗ് റെയ്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബേബി പണിക്കർ, പ്രേംനാഥ്, പ്രൊഡക്ഷൻ കോർഡിനേറ്റർ: അഖിൽ ശൈലജ ശശിധരൻ, കാവ്യ ഫിലിം കമ്പനി മാനേജേഴ്സ്: ദിലീപ്, ചെറിയാച്ചൻ അക്കനത്, അസോസിയേറ്റ് ഡയറക്ടർ: ആസിഫ് കുറ്റിപ്പുറം, സംഘട്ടനം: ഫാന്റം പ്രദീപ് സ്റ്റിൽസ്: ബിജിത് ധർമ്മടം, ഡിസൈൻ: യെല്ലോടൂത്ത്, പി ആർ ഒ & മാർക്കറ്റിംഗ്: വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.

# 'രേഖാചിത്രം' മെഗാസ്റ്റാർ മമ്മൂട്ടി ചിത്രം ജനുവരി 9 ന് തീയേറ്ററുകളിൽ

പ്രീസ്റ്റ് എന്ന സിനിമക്ക് ശേഷം ജോഫിൻ ചാക്കോ സംവിധാനം ചെയ്യുന്ന രേഖാചിത്രത്തിന്റെ ട്രൈലെർ മെഗാ സ്റ്റാർ മമ്മൂട്ടിയുടെ സോഷ്യൽ മീഡിയ ഹാൻഡിലിലൂടെ പ്രേക്ഷകർക്ക് മുന്നിലെത്തി.

ആസിഫ് അലിയെ നായകനാകുന്ന 'രേഖാചിത്രം' 2025 ജനുവരി 9 ന് തീയേറ്ററുകളിലെത്തും. കാവ്യ ഫിലിം കമ്പനി, ആൻ മെഗാ മീഡിയ എന്നീ ബാനറുകളിലായി വേണു കുന്നപ്പിള്ളിയാണ് ചിത്രം നിർമ്മിക്കുന്നത്. 2018,മാളികപ്പുറം പോലെയുള്ള ഹിറ്റ് ചിത്രങ്ങൾ നിർമ്മിച്ച ഈ ബാനറുകൾ പ്രേക്ഷകർക്ക് മുന്നിലെത്തിക്കുന്ന ഈ പുതിയ ചിത്രത്തിന്റെ ട്രൈലെർ ഏറെ പ്രതീക്ഷകൾ സമ്മാനിക്കുന്നു.

ജോഫിൻ ടി ചാക്കോ, രാമു സുനിൽ എന്നിവരുടെ കഥക്ക് ജോൺ മന്ത്രിക്കൽ തിരക്കഥ രചിച്ച ചിത്രം വമ്പൻ ബജറ്റിലാണ് ഒരുങ്ങുന്നത്. അനശ്വര രാജനാണ് നായിക.

ഒരു പോലീസ് ഓഫീസറുടെ വേഷത്തിലാണ് ആസിഫ് ചിത്രത്തിലെത്തുന്നത്.കൗതുകവും ജിജ്ഞാസയും സമ്മാനിക്കുന്ന നിമിഷങ്ങളാൽ സമ്പന്നമായ ട്രൈലെർ, രേഖാചിത്രം ഒരു അന്വേഷണത്തിനെ ചുറ്റിപറ്റിയുള്ള കഥാതന്തുവാണെന്നു സൂചന നൽകുന്നു. മനോജ് കെ ജയൻ, ഭാമ അരുൺ, സിദ്ദിഖ്, ജഗദീഷ്, സായികുമാർ, ഇന്ദ്രൻസ്, ശ്രീകാന്ത് മുരളി, നിഷാന്ത് സാഗർ, പ്രേംപ്രകാശ്, ഹരിശ്രീ അശോകൻ, സുധി കോപ്പ, മേഘ തോമസ്, 'ആട്ടം' സിനിമയിലൂടെ കൈയ്യടി നേടിയ സെറിൻ ശിഹാബ് തുടങ്ങിയവരും ചിത്രത്തിലുണ്ട്.

ഛായാഗ്രഹണം: അപ്പു പ്രഭാകർ, ചിത്രസംയോജനം: ഷമീർ മുഹമ്മദ്, കലാസംവിധാനം: ഷാജി നടുവിൽ, സംഗീത സംവിധാനം: മുജീബ് മജീദ്, ഓഡിയോഗ്രഫി: ജയദേവൻ ചാക്കടത്ത്, ലൈൻ പ്രൊഡ്യൂസർ: ഗോപകുമാർ ജി കെ, പ്രൊഡക്ഷൻ കൺട്രോളർ: ഷിബു ജി സുശീലൻ, വസ്ത്രാലങ്കാരം: സമീറ സനീഷ്, മേക്കപ്പ്: റോണക്സ് സേവ്യർ, വിഫ്എക്സ്: മൈൻഡ്സ്റ്റീൻ സ്റ്റുഡിയോസ്, വിഫ്എക്സ് സൂപ്പർവൈസർസ്: ആൻഡ്രൂ ഡി ക്രൂസ്, വിശാഖ് ബാബു, കളറിസ്റ്റ്: ലിജു പ്രഭാകർ, കളറിംഗ് സ്റ്റുഡിയോ: രംഗ് റെയ്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബേബി പണിക്കർ, പ്രേംനാഥ്, പ്രൊഡക്ഷൻ കോർഡിനേറ്റർ: അഖിൽ ശൈലജ ശശിധരൻ, കാവ്യ ഫിലിം കമ്പനി മാനേജേഴ്സ്: ദിലീപ്, ചെറിയാച്ചൻ അക്കനത്, അസോസിയേറ്റ് ഡയറക്ടർ: ആസിഫ് കുറ്റിപ്പുറം, സംഘട്ടനം: ഫാന്റം പ്രദീപ്, സ്റ്റിൽസ്: ബിജിത് ധർമ്മടം, ഡിസൈൻ: യെല്ലോടൂത്ത്, പിആർഒ & മാർക്കറ്റിംഗ്: വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.

# നസ്ലിൻ, ഗണപതി, ലുക്ക്മാൻ, സന്ദീപ് തകർപ്പൻ താരനിരയുമായി 'ആലപ്പുഴ ജിംഖാന'

ബ്ലോക്ബസ്റ്റർ ചിത്രം 'തല്ലുമാല'ക്ക് ശേഷം; നസ്ലിൻ, ഗണപതി, ലുക്ക്മാൻ, സന്ദീപ് പ്രദീപ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഖാലിദ് റഹ്മാൻ സംവിധാനം ചെയ്യുന്ന 'ആലപ്പുഴ ജിംഖാന'യുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. ബോക്സിംഗ് പശ്ചാത്തലമാക്കി ഒരുങ്ങുന്ന കോമഡി ആക്ഷൻ എന്റർറ്റൈനെർ നിർമ്മിക്കുന്നത് പ്ലാൻ ബി മോഷൻ പിക്ചേർസിന്റെ ബാനറിലും റീലിസ്റ്റിക് സ്റ്റുഡിയോയുടെ ബാനറിലും ഖാലിദ് റഹ്മാൻ, ജോബിൻ ജോർജ്, സമീർ കാരാട്ട്, സുബീഷ് കണ്ണഞ്ചേരി എന്നിവർ ചേർന്നാണ്. പ്ലാൻ ബി മോഷൻ പിക്ചർസിന്റെ ആദ്യ നിർമ്മാണ സംരംഭമാണിത്. ഖാലിദ് റഹ്മാനും ശ്രീനി ശശീന്ദ്രനും ചേർന്ന് തിരക്കഥ രചിച്ച ചിത്രത്തിനായ് സംഭാഷണങ്ങൾ തയ്യാറാക്കിയിരിക്കുന്നത് രതീഷ് രവിയാണ്.




നസ്ലിൻ, ഗണപതി, ലുക്ക്മാൻ, സന്ദീപ് പ്രദീപ്(ഫാലിമി ഫെയിം), അനഘ രവി എന്നിവർ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിലെ മറ്റ് സുപ്രധാന വേഷങ്ങൾ ഫ്രാങ്കോ ഫ്രാൻസിസ്, ബേബി ജീൻ, ശിവ ഹരിഹരൻ, ഷോൺ ജോയ്, കാർത്തിക്, നന്ദ നിഷാന്ത്, നോയില ഫ്രാൻസി തുടങ്ങിയവരാണ് കൈകാര്യം ചെയ്യുന്നത്.

ഛായാഗ്രഹണം: ജിംഷി ഖാലിദ്, ചിത്രസംയോജനം: നിഷാദ് യൂസഫ്, സംഗീതം: വിഷ്ണു വിജയ്, ഓഡിയോഗ്രാഫി: വിഷ്ണു ഗോവിന്ദ്, ലിറിക്സ്: മുഹ്സിൻ പരാരി, വസ്ത്രാലങ്കാരം: മാഷർ ഹംസ, വി എഫ് എക്സ്: ഡിജി ബ്രിക്സ്, മേക്കപ്പ്: റോണക്സ് സേവിയർ, ആക്ഷൻ കോറിയോഗ്രാഫി: ജോഫിൽ ലാൽ, കലൈ കിംഗ്സൺ, ആർട്ട് ഡയറക്ടർ: ആഷിക് എസ്, അസോസിയേറ്റ് ഡയറക്ടർ: ലിതിൻ കെ ടി, ലൈൻ പ്രൊഡ്യൂസർ: വിഷാദ് കെ എൽ, പ്രൊഡക്ഷൻ കൺട്രോളർ: പ്രശാന്ത് നാരായണൻ, സ്റ്റിൽ ഫോട്ടോഗ്രഫി: രാജേഷ് നടരാജൻ, അർജുൻ കല്ലിങ്കൽ, പ്രൊമോഷണൽ ഡിസൈൻസ്: ചാർളി & ദ ബോയ്സ്, പിആർഒ & മാർക്കറ്റിംഗ് : വൈശാഖ് സി വടക്കേവീട് & ജിനു അനിൽകുമാർ, ഡിസ്ട്രിബ്യൂഷൻ: സെൻട്രൽ പിക്ചർസ്, ട്രൂത്ത് ഗ്ലോബൽ ഫിലിംസ്.


# മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം ആവേശത്തിന് ശേഷം ജിത്തു മാധവൻകെ വി എൻ പ്രൊഡക്ഷൻസുംത തെസ്പിയൻ ഫിലിംസും നിർമ്മിക്കുന്ന പുതിയ ചിത്രം

കഴിഞ്ഞ വർഷം മലയാള സിനിമയിലെ നാഴികകല്ലുകളായി മാറിയ മഞ്ഞുമ്മൽ ബോയ്സിന്റെയും ആവേശത്തിന്റെയും അമരക്കാരായ ചിദംബരവും , ജിത്തു മാധവനും ഒന്നിക്കുന്നു.കെ വി എൻ പ്രൊഡക്ഷസും തെസ്പിയാൻ ഫിലിംസും നിർമിക്കുന്ന ചിത്രം അവതരിപ്പിക്കുന്നത് ഷൈലജ ദേശായി ഫെൻ ആണ്. ചിദംബരം സംവിധാനം ചെയ്യുന്ന ചിത്രത്തിന് തിരക്കഥ ഒരുക്കുന്നത് ജിത്തു മാധവൻ .വെങ്കട്ട് കെ നാരായണയുടെ നേതൃത്വത്തിലുള്ള, സൗത്ത് ഇന്ത്യയിലെ തന്നെ മുൻനിര പ്രൊഡക്ഷൻ കെ വി എൻ പ്രൊഡക്ഷൻസും, തെസ്പിയൻ ഫിലിംസും കൈകോർക്കുന്ന ഈ സിനിമയയുടെ അനൗൺസ്മെന്റ് ഏറെ പ്രതീക്ഷയോടെയാണ് പ്രേക്ഷകലോകം നോക്കി കാണുന്നത്.

ഷൈജു ഖാലിദാണ് ഛായാഗ്രഹണം നിർവഹിക്കുന്നത്. ആവേശത്തിന്റെയും മഞ്ഞുമ്മൽ ബോയ്സിന്റെയും കിടിലൻ ട്രാക്കുകളിലൂടെ 2024 തന്റേതാക്കി മാറ്റിയ മ്യൂസിക് ഡയറക്ടർ സുഷിൻ ശ്യാം ആണ് ചിത്രത്തിന് സംഗീതമൊരുക്കുന്നത്. വിവേക് ഹർഷനാണ് എഡിറ്റർ.ആർട്ട് ഡയറക്ടർ – അജയൻ ചാലിശേരി, ദീപക് പരമേശ്വരൻ, പൂജാ ഷാ, കസാൻ അഹമ്മദ്, ധവൽ ജതനിയ, ഗണപതി; പി ആർ ഒ & മാർക്കറ്റിംഗ് – വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ എന്നിവരാണ് മറ്റുള്ള അണിയറ പ്രവർത്തകർ. ചിത്രത്തിലെ താരനിരയുടെ വിവരങ്ങൾ വരും ദിവസങ്ങളിലായി പുറത്തു വരും.

'ഞങ്ങളുടെ കാഴ്ചപ്പാട് എല്ലായ്പ്പോഴും ഭാഷകൾക്കപ്പുറമുള്ള സിനിമയെ പുനർനിർവചിക്കുക എന്നതായിരുന്നു, ഈ സിനിമ പ്രേക്ഷകർ ഞങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന അതേ മികവോടെ മലയാളത്തിലേക്കുള്ള ഞങ്ങളുടെ ചുവടുവെപ്പിനെ അടയാളപ്പെടുത്തുന്നു. അസാമാന്യ പ്രതിഭകൾ ചുക്കാൻ പിടിക്കുമ്പോൾ, ഞങ്ങൾക്ക് അതിൽ ആത്മവിശ്വാസമുണ്ടെന്ന് ' കെ വി എൻ പ്രൊഡക്ഷൻസിന്റെ അമരക്കാരൻ വെങ്കിട്ട് നാരായണ പറഞ്ഞ വാക്കുകളിങ്ങനെ.ഗളു (കന്നഡ), യാഷ് നായകനാകുന്ന ടോക്സിക് , ദളപതി 69 , പ്രിയദർശൻ സംവിധാനം ചെയ്യുന്ന ഹിന്ദി ചിത്രം എന്നിങ്ങനെ വമ്പൻ പ്രൊജക്ടുകളാണ് കെ വി പ്രൊഡക്ഷൻ നിലവിൽ നിർമ്മിക്കുന്നത്.

നല്ല കഥകൾ സിനിമയ്ക്കുന്ന ഇത്രയും വലിയൊരു ടീമിനൊപ്പം പ്രവർത്തിക്കാൻ പോകുന്നതിന്റെ ത്രില്ലിലാണെന്ന് ചിദംബരവും സന്തോഷം പങ്കിട്ടു. ഈ സ്ക്രിപ്റ്റ് തന്റെ ഹൃദയത്തോട് ചേർന്ന് നിൽക്കുന്നതാണെന്നും ഇത്തരമൊരു മികച്ച ടീമിന്റെ പിന്തുണയോടെ ചെയ്യുന്ന സിനിമ മികച്ചതായിരിക്കും എന്ന് ജിത്തു മാധവനും കൂട്ടിച്ചേർത്തു.




Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



സംസ്ഥാന സ്കൂൾ കലോത്സവം രജിസ്ട്രേഷൻ കിറ്റ് വിദ്യാർത്ഥികൾക്ക് നൽകി മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.



സ്കൂൾ കലോത്സവത്തിനായി എത്തിച്ചേർന്ന ആദ്യ സംഘം വിദ്യാർത്ഥികളെ മന്ത്രി വി ശിവൻകട്ടി തിരുവനന്തപുരം സെൻട്രൽ റയിൽവേ സ്റ്റേഷനിൽ സ്വീകരിക്കുന്നു

# സ്കൂൾ കലോത്സവം കൂട്ടായ്മയുടെ വിജയമാകും : മന്ത്രി വി ശിവൻകുട്ടി

## രജിസ്ട്രേഷനും വോളന്റിയർ പരിശീലനവും ഉദ്ഘാടനം ചെയ്തു

അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവം കൂട്ടായ്മയുടെ വിജയമാകുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സ്കൂൾ കലോത്സവം രജിസ്ട്രേഷനും വോളന്റിയർ പരിശീലനവും എസ് എം വി സ്കൂളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. വിവിധ ജില്ലകളിൽ നിന്നും ഓൺലൈനായി ഏകദേശം 700 ഓളം രജിസ്ട്രേഷനുകൾ ലഭിച്ചിട്ടുണ്ട്. 10,024 കുട്ടികൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപ്പീലുകൾ പരിഗണിക്കുമ്പോൾ എണ്ണം ഇനിയും കൂടുമെന്ന് മന്ത്രി പറഞ്ഞു.

സ്കൂൾ കലോത്സവ നടത്തിപ്പിന്റെ ക്രമീകരണങ്ങളുടെ ചുമതല വോളന്റിയർമാരെ ഏൽപ്പിക്കുന്നതായി മന്ത്രി പറഞ്ഞു. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് സന്നദ്ധ സേവകരുടെ മികച്ച പ്രവർത്തനം ആവശ്യമാണ്. എൻ എസ് എസ്, എൻ സി സി ഉൾപ്പടെ 5,000 ത്തോളം വോളന്റിയർമാരെ നിയോഗിച്ചിട്ടുണ്ട്. ഇത്തവണ എല്ലാ വോളന്റിയർമാർക്കും വിദ്യാഭ്യാസ മന്ത്രിയും പൊതുവിദ്യാഭ്യാസ ഡയറക്ടറും ഒപ്പിട്ട സർട്ടിഫിക്കറ്റ് ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

കലോത്സവത്തിന്റെ തയ്യാറെടുപ്പുകളെല്ലാം പൂർത്തിയായിട്ടുണ്ട്. വസന്തോത്സവത്തിന്റെ ഭാഗമായുള്ള ദീപാലങ്കാരം സ്കൂൾ കലോത്സവം പ്രമാണിച്ച് ജനുവരി 8 വരെ നീട്ടിയതായും മന്ത്രി അറിയിച്ചു.

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ തിരുവന്തപുരം ജില്ലയിലെ വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ കിറ്റ് നൽകി മന്ത്രി ഉദ്ഘാടനം നിർവഹിച്ചു. ജി സ്റ്റീഫൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാഗത സംഘം ചെയർമാൻ മന്ത്രി ജി ആർ അനിൽ, മേയർ ആര്യ രാജേന്ദ്രൻ, വിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് തുടങ്ങിയവർ പങ്കെടുത്തു.

## സ്കൂൾ കലോത്സവം : ഭക്ഷണപ്പുര പാലുകാച്ചൽ നടന്നു

സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി പുത്തരിക്കണ്ടം മൈതാനത്ത് ഒരുക്കിയിട്ടുള്ള ഭക്ഷണപ്പുരയുടെ പാലുകാച്ചൽ ചടങ്ങ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ മനസ്സും വയറും നിറയ്ക്കുന്ന രീതിയിൽ ഭക്ഷണ രുചികൾ ഒരുക്കും. കേരള സ്കൂൾ ടീച്ചേർസ് അസോസിയേഷനാണ് ഭക്ഷണ കമ്മിറ്റിയുടെ പൊതു ചുമതല. തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽനിന്ന് സമാഹരിച്ച ഭക്ഷ്യസാധനങ്ങൾ ഭക്ഷണപ്പുരയിൽ എത്തിച്ചിട്ടുണ്ട്. രാത്രിയിലെ അത്താഴം മുതൽ ഭക്ഷണശാല പ്രവർത്തന സജ്ജമാകുമെന്നും മികച്ച രീതിയിൽ ഭക്ഷണപ്പുര സജ്ജീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഭക്ഷണ കമ്മിറ്റി കൺവീനർ കടകംപള്ളി സുരേന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി ജി ആർ അനിൽ, മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ കളക്ടർ അനു കുമാരി തുടങ്ങിയവർ സംസാരിച്ചു.

പാലുകാച്ചലിനെ തുടർന്ന് പഴയിടം മോഹനൻ നമ്പൂതിരിയുടെ പ്രത്യേക രുചിക്കൂട്ടിലുള്ള പായസം വിതരണം ചെയ്തു.

# സ്കൂൾ കലോത്സവം: പഴയിടം രുചിയുമായി ഭക്ഷണപ്പുര ഒരുങ്ങി

സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇത്തവണവും രുചിമേളം ഒരുക്കി പഴയിടം മോഹനൻ നമ്പൂതിരി. ഭക്ഷണപ്പുരയുടെ പാലുകാച്ചലിന് എത്തിയ മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, മറ്റ് വിശിഷ്ടാതിഥികൾ, മാധ്യമപ്രവർത്തകർ എന്നിവർക്ക് തന്റെ സ്പെഷ്യൽ പായസം നൽകി പഴയിടം കർമ്മനിരതനായി. മുൻ വർഷത്തിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്തവണത്തെ രുചികൾ. ഓരോ തവണയും ഓരോ സ്പെഷ്യലാണ്. മനസ്സും വയറും നിറയ്ക്കുന്ന രീതിയിൽ ഭക്ഷണ രുചികൾ ഒരുക്കും, എന്നാൽ സ്പെഷ്യൽ വിഭവം ഏതെന്ന് ഇപ്പോൾ പറയുന്നില്ല, ഭക്ഷണം കഴിച്ചു മനസിലാക്കട്ടെ - പഴയിടം പറഞ്ഞു.

2006 ലെ സംസ്ഥാന സ്കൂൾ കലോത്സവം മുതൽ പഴയിടം മോഹനൻ നമ്പൂതിരിയും കൂട്ടരുമാണ് ഭക്ഷണപ്പുരയുടെ ചുമതല വഹിക്കുന്നത്. സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് 14 തവണയും സ്കൂൾ ശാസ്ത്രമേളയ്ക്ക് 15 തവണയും പഴയിടം ഭക്ഷണം ഒരുക്കിയിട്ടുണ്ട്.

ഭക്ഷണപ്പുരയിൽ ദിവസവും നാൽപ്പതിനായിരം പേർക്ക് ഭക്ഷണമൊരുക്കും. രാത്രിയിലെ അത്താഴം മുതൽ ഭക്ഷണശാല പ്രവർത്തനസജ്ജമാകും. മൂന്ന് നേരവും ഭക്ഷണമുണ്ടാകും. പതിനായിരം പേർക്ക് പ്രഭാത ഭക്ഷണവും ഇരുപതിനായിരം പേർക്ക് ഉച്ചഭക്ഷണവും പതിനായിരം പേർക്കുള്ള അത്താഴവും ഭക്ഷണപ്പുരയിൽ തയ്യാറാക്കും. മൂന്ന് നേരവും ഇലയിലാണ് ഭക്ഷണം നൽകുന്നത്. വ്യത്യസ്തമായ പ്രഭാത ഭക്ഷണമാണ് ഓരോ ദിവസവും നൽകുക. ഉച്ചയ്ക്കുള്ള സദ്യയ്ക്ക് പന്ത്രണ്ടു കറികളും പായസവുമുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽനിന്ന് സമാഹരിച്ച ഭക്ഷ്യവിഭവങ്ങൾ കഴിഞ്ഞ ദിവസം ഭക്ഷണപ്പുരയിൽ എത്തിച്ചിട്ടുണ്ട്.

ഭക്ഷണപ്പുരയുടെ സജ്ജീകരണങ്ങളിൽ പൂർണ്ണമായും തൃപ്തനാണെന്ന് പഴയിടം പറഞ്ഞു. എല്ലാ ജില്ലകളിൽ നിന്നുമുള്ളവർക്ക് ഇഷ്ടപെടുന്ന രുചികളാവും ഉണ്ടാവുക. അതിനായി നല്ലൊരു മെനു ഒരുക്കിയിട്ടുണ്ട്.

പുത്തരിക്കണ്ടം മൈതാനത്ത് തയ്യാറാക്കിയിട്ടുള്ള നെയ്യാർ പന്തലിൽ ഒരേ സമയം 4,000 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുണ്ട്. 200 പേർക്ക് ഇരിക്കാവുന്ന 20 നിരകളാണ് ക്രമീകരിച്ചിട്ടുള്ളത്. അദ്ധ്യാപകരും വിദ്യാർത്ഥികളും സ്കൗട്ട് ആൻഡ് ഗൈഡ് അംഗങ്ങളുമുൾപ്പടെ 350 പേർ ഭക്ഷണം വിളമ്പാനുണ്ട്. അദ്ധ്യാപക സംഘടനയായ കേരള സ്കൂൾ ടീച്ചേർസ് അസോസിയേഷനാണ് ഭക്ഷണ കമ്മിറ്റിയുടെ പൊതു ചുമതല.

# സംസ്ഥാന സ്കൂൾ കലോത്സവം സുസജ്ജമായി ആരോഗ്യ വകുപ്പും

## കൺട്രോൾ റൂം ആരംഭിച്ചു; ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക ടീം

ഏഷ്യയിലെ ഏറ്റവും വലിയ കുട്ടികളുടെ കലാമേളയായ സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് വിപുലമായ ആരോഗ്യ സേവനങ്ങൾ സജ്ജമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കലോത്സവം പൂർണമാകുന്നത് വരെ അടിയന്തര ഘട്ടത്തിൽ വൈദ്യസഹായം നൽകുന്നതിനായി പ്രധാന വേദികളിൽ മെഡിക്കൽ സംഘത്തേയും എല്ലാ വേദികളിലും ഫസ്റ്റ് എയ്ഡ് ടീമിനേയും കനിവ് 108 ഉൾപ്പെടെയുള്ള ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടർ, നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്/ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 എന്നിവർ മെഡിക്കൽ ടീമിൽ ഉണ്ടാകും. ഫസ്റ്റ് എയ്ഡ് ടീമിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, മിഡ് ലെവൽ സർവീസ് പ്രൊവൈഡർ, ആശാ വർക്കർ എന്നിവരുണ്ടാകും. എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയാണെങ്കിൽ ആരോഗ്യ വകുപ്പിന്റെ സേവനം തേടാം. കലോത്സവത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും മന്ത്രി ആശംസകൾ നേർന്നു.

സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽ ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂം ആരംഭിച്ചു. അടിയന്തര ഘട്ടത്തിൽ 9072055900 എന്ന നമ്പരിൽ കൺട്രോൾ റൂമുമായി ബന്ധപ്പെടാം.

ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പും പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് വേദികളിലേയും പരിസരങ്ങളിലേയും ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേകം പരിശോധന നടത്തും. പകലും രാത്രിയിലും പരിശോധനകൾ നടത്തുന്നതിനായി പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷാ ലബോറട്ടറിയും സജ്ജമാക്കി. വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. കുട്ടികൾക്ക് കുടിക്കാനായി ശുദ്ധജലം നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്.

അന്യത്ര സേവനം

കേരള ഡെന്റൽ കൗൺസിലിൽ നിലവിലുള്ള ഒരു ജൂനിയർ സൂപ്രണ്ട് തസ്തകയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനത്തിന് സംസ്ഥാന സർക്കാർ അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 3 ന് മുൻപായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് : www.dentalcouncil.kerala.gov.in.

## ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ന്യൂറോസർജറി വിഭാഗത്തിലെ ഒടി ലൈറ്റ് റിപ്പയർ ചെയ്യുന്നതിനും എൽഇഡി ഡോം വാങ്ങുന്നതിനും നിശ്ചിത ഫോറത്തിൽ മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ അപേക്ഷാഫോമുകൾ മെഡിക്കൽ കോളേജ് ഓഫീസിൽ നിന്നും വാങ്ങണം.

ജനുവരി 21 ഉച്ചയ്ക്ക് 3 മണി വരെ ഫോമുകൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2528855, 2528055.

## അന്യത്ര സേവനം

കേരള ഡെന്റൽ കൗൺസിലിൽ നിലവിലുള്ള ഒരു ജൂനിയർ സൂപ്രണ്ട് തസ്തകയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനത്തിന് സംസ്ഥാന സർക്കാർ അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 3 ന് മുൻപായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: ംWW. dentalcouncil.kerala.gov.in.

# സ്കൂൾ കലോത്സവം : വിദ്യാർത്ഥികളെ സ്വീകരിച്ചു

സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനായി എത്തിച്ചേർന്ന ആദ്യ സംഘം വിദ്യാർത്ഥികളെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരം സെൻട്രൽ റയിൽവേ സ്റ്റേഷനിൽ സ്വീകരിച്ചു. കണ്ണൂർ ജില്ലയിലെ സെന്റ് തെരേസസ് സ്കൂളിലെ വിദ്യാർത്ഥികളെയാണ് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ ആഘോഷമായി സ്വീകരിച്ചത്.

ഭക്ഷ്യവകുപ്പ് മന്ത്രി ജി ആർ അനിൽ, എം എൽ എമാരായ ആന്റണി രാജു, കെ ആൻസലൻ, മേയർ ആര്യ രാജേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# കലോത്സവ സ്വാഗതഗാനത്തിന് സാംസ്കാരിക തനിമയോടെ നൃത്താവിഷ്ക്കാരം

അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വാഗതഗാനത്തിന് കേരളത്തിന്റെ സാംസ്കാരിക തനിമയോടെ നൃത്താവിഷ്ക്കാരം ഒരുങ്ങി. ശ്രീനിവാസൻ തൂണേരി രചിച്ച് കാവാലം ശ്രീകുമാർ ചിട്ടപ്പെടുത്തിയ അവതരണ ഗാനം കലാമണ്ഡലത്തിലെ കുട്ടികളും പൊതുവിദ്യാലയത്തിലെ വിദ്യാർത്ഥികളും ചേർന്ന് നാളെ (ജനുവരി 4) കലോത്സവ ഉദ്ഘാടന വേദിയിൽ അവതരിപ്പിക്കും. ടാഗോർ തിയേറ്ററിൽ നൃത്തപരിശീലനം നടത്തിയ കലാമണ്ഡലം ടീമിനെ സന്ദർശിച്ച് പൊവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അനുമോദനം അറിയിച്ചു.

കേരളത്തിൻറെ നവോത്ഥാനം, സാമൂഹിക കലാമേഖലകളെക്കുറിച്ചാണ് ഗാനത്തിൽ വ്യക്തമാക്കുന്നത്. അതിനാൽ നൃത്താവിഷ്ക്കാരത്തിലും ആ സമ്പൂർണ്ണതയുണ്ട്. വേഗത്തിലുള്ള അവതരണഗാനമാണ് കാവാലം ശ്രീകുമാർ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് ചടുലമായ ചുവടുകളാണ് നൃത്തത്തിലുമുള്ളത്. കലാരൂപങ്ങളുടെ നൃത്താവിഷ്ക്കാരം പുതുമയോടെയും സമ്പൂർണ്ണതയോടെയും അവതരിപ്പിക്കാനാണ് ശ്രമിച്ചിരിക്കുന്നതെന്ന് നൃത്താധ്യാപകൻ കലാമണ്ഡലം തുളസികുമാർ പറഞ്ഞു.

കേരളത്തിന്റെ തനത് കലകൾ ഉൾപ്പെടെ നിരവധി കലാരൂപങ്ങളുടെ പരിശ്ഛേദമാണ് നൃത്താവിഷ്ക്കാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശാസ്ത്രീയ നൃത്തങ്ങളായ കഥകളി, മോഹിനിയാട്ടം, എന്നിവ കൂടാതെ ഭരതനാട്യം കുച്ചുപ്പുടി, ഗോത്ര കലകൾ, മാർഗംകളി, ഒപ്പന, കളരിപ്പയറ്റ്, ദഫ് മുട്ട് തുടങ്ങിയ നിരവധി കലാരൂപങ്ങൾ ഗാനത്തിനനുസരിച്ച് നൃത്തത്തിൽ കോർത്തിണക്കിയിട്ടുണ്ട്.

ചടുലമായ ചുവടുകളോടെ പത്ത് മിനിറ്റ് ദൈർഘ്യമുള്ള നൃത്താവിഷ്ക്കാരമാണ് കലാമണ്ഡലത്തിലെ അധ്യാപകർ ഒരുക്കിയിട്ടുള്ളത്. 44 വിദ്യാർത്ഥികളാണ് നൃത്തത്തിന് ചുവടുവയ്ക്കുന്നത്. ഇതിൽ 28 പേർ കലാമണ്ഡലം വിദ്യാർത്ഥികളാണ്. ബാക്കി പതിനാറു പേർ തൃശൂർ, ഇടുക്കി ജില്ലകളിലെ വിവിധ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളാണ്. കലാമണ്ഡലം രജിത രവി, കലാമണ്ഡലം തുളസികുമാർ, കലാമണ്ഡലം അരുൺ വാര്യർ, കലാമണ്ഡലം ലതിക എന്നിവരാണ് നൃത്തം ചിട്ടപ്പെടുത്തിയത്.

## മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ വിതരണം 4 ന്

മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ വിതരണം 4 ന്

വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ വിതരണം ജനുവരി 4 ന് വൈകുന്നേരം അഞ്ച് മണിക്ക് വനം ആസ്ഥാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വനം മന്ത്രി എ കെ ശശീന്ദ്രൻ അധ്യക്ഷത വഹിക്കും. വനം വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് മാതൃകാപരമായ സേവനങ്ങൾക്ക് 2023 ൽ 25 പേരും 2024 –ൽ 26 പേരുമാണ് അവാർഡിന് അർഹരായിട്ടുള്ളത്.

